മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ കുറച്ച് ദിവസങ്ങളായി സഭാനടപടികൾ തുടർച്ചയായി തടസപ്പെടുകയാണ്. ഇത്തരം സാഹചര്യമുണ്ടായിട്ടും അത് പരിഹരിച്ച് സഭാനടപടികൾ ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാർ മുൻകയ്യെടുക്കുന്നില്ല. ധിക്കാരം/ധാർഷ്ട്യം നിറഞ്ഞ നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. ഞങ്ങൾ മുന്നോട്ടുവച്ച രണ്ട് സുപ്രധാന കാര്യങ്ങളിൽ തീരുമാനമെടുക്കാതെ സഭാനടപടികളുമായി സഹകരിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന കാര്യം കഴിഞ്ഞ ദിവസം സൂചിപ്പിച്ചതാണ്. അതുകൊണ്ട് ഇന്നുമുതൽ ഞങ്ങളുടെ അഞ്ച് പ്രധാനപ്പെട്ട അംഗങ്ങളായ സർവശ്രീ അൻവർ സാദത്ത്, ടി. ജെ. വിനോദ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, ശ്രീമതി ഉമ തോമസ് എന്നിവർ ഈ സഭയുടെ നടുത്തളത്തിൽ അനിശ്ചിതകാലത്തേയ്ക്ക് സത്യാഗ്രഹ സമരം ആരംഭിക്കുകയാണ് എന്നുള്ള വിവരം അങ്ങയെ അറിയിക്കുന്നു.

(സർവശ്രീ അൻവർ സാദത്ത്, ടി. ജെ. വിനോദ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾക്കൊപ്പം

മറ്റ് പ്രതിപക്ഷാംഗങ്ങളും നടുത്തളത്തിലിറങ്ങുകയും സത്യാഗ്രഹമിരിക്കുന്ന അംഗങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു.)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സഭയുടെ നടുത്തളത്തിൽ നിരാഹാരമോ സത്യാഗ്രഹമോ പ്രഖ്യാപിക്കുന്നത് ചട്ടങ്ങൾക്കനുസൃതമായ കാര്യമല്ല. നേരത്തെ സഭയുടെ നടുത്തളത്തിലിറങ്ങി സമാന്തര സഭ സംഘടിപ്പിച്ച എന്നത് ഒരു പ്രധാനപ്പെട്ട പ്രശ്നമായി അങ്ങ് ഈ സഭയ്ക്ക്/കേരളത്തിന് മുമ്പാകെ റൂളിംഗ് നൽകിയിരിക്കുന്ന സാഹചര്യത്തിൽ ഇത് സഭയുടെ നടത്തിപ്പിനോടുള്ള ശക്തമായ വെല്ലുവിളിയായി കരുതണം. അങ്ങ് ഇക്കാര്യത്തിൽ പ്രത്യേകം റൂളിംഗ് നൽകണം.

മി. സ്പീക്കർ: ഇതൊരു ശരിയായ രീതിയല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോടും പ്രതിപക്ഷനേതാവിനോടും ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സ്പീക്കറെത്തന്നെ അവഹേളിക്കുന്ന രീതിയിൽ സഭയ്ക്കകത്ത് നിങ്ങൾ സമാന്തര സ്പീക്കറെ നിയോഗിച്ചുകൊണ്ട് മോക് അഡ്ജേൺമെന്റ് നടത്തുകയുണ്ടായി. അതിന് റൂളിംഗ് നൽകിയെങ്കിലും അതിനുശേഷവും

സഭാസമ്മേളനം നടത്തിക്കില്ലെന്ന രീതിതന്നെയാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഈ രീതി ശരിയല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് അഭ്യർത്ഥിക്കുകയാണ്. പ്രതിപക്ഷനേതാവ് പരിണിതപ്രജ്ഞനായ സഭാംഗംകൂടിയാണ്. പ്രതിപക്ഷ ഉപനേതാവ് ഉൾപ്പെടെയുള്ളവർ ദീർഘകാലത്തെ പാർലമെന്ററി എക്സ്പീരിയൻസുള്ളവരാണ്. ഈയൊരു സമീപനം കേരളം പോലുള്ള ഒരു നിയമസഭയ്ക്ക് യോജിച്ചതല്ലെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇങ്ങനെയുള്ള സാഹചര്യത്തിൽ സഭാധ്യക്ഷൻ പ്രതിപക്ഷാംഗങ്ങളെ വിളിച്ച് സംസാരിക്കേണ്ടതാണെങ്കിലും ഇതുവരെ അങ്ങനെയുണ്ടായില്ല. ലോകസഭയിൽപ്പോലും സഭ നിർത്തിവച്ച് ഇടയ്ക്ക് ചർച്ച നടത്താറില്ലേ? ഇവിടെ അങ്ങനെയൊന്നും കാണുന്നില്ല. എന്താണ് പ്രതിപക്ഷത്തിന്റെ പ്രശ്നമെന്നത് സംബന്ധിച്ച് സഭ നിർത്തിവച്ച് സംസാരിക്കാത്തത് എന്തുകൊണ്ടാണ്? ഇത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള stubborn ആയ നിലപാടാണെന്ന് ഞങ്ങൾ കരുതുന്നതിൽ തെറ്റുണ്ടോ? പ്രതിപക്ഷത്തിന്റെ പ്രശ്നം സഭാധ്യക്ഷൻ എന്തുകൊണ്ട് സഭ നിർത്തിവച്ച് സംസാരിക്കുന്നില്ല? മുമ്പെല്ലാം ഗവൺമെന്റിനെ നല്ല രീതിയിൽ

മുന്നോട്ടുകൊണ്ടുപോയിരുന്നവരല്ലേ, കൂടിയാലോചന ആവശ്യമല്ലേ; ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് ചർച്ച നടത്താത്തത്?

മി. സ്പീക്കർ: ഇന്നലെ കാര്യോപദേശക സമിതിയിൽ പങ്കെടുക്കുന്നതിന് ക്ഷണിച്ചിരുന്നെങ്കിലും പ്രതിപക്ഷാംഗങ്ങളാരുംതന്നെ പങ്കെടുക്കുകയുണ്ടായില്ല. ഈയൊരു സമീപനം ശരിയല്ല.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സഭ നടന്നുകൊണ്ടിരിക്കെ നടുത്തളത്തിൽ സമാന്തര സഭ ചേരുന്നതിനെതിരായി കഴിഞ്ഞ ദിവസം അങ്ങയുടെ റൂളിംഗ് വന്നതാണ്. സഭ ചേർന്നുകൊണ്ടിരിക്കെ സഭയിൽത്തന്നെ സമാന്തരസഭ ചേരുന്ന എന്നത് പാർലമെന്ററി ചരിത്രത്തിൽത്തന്നെ കേട്ടുകേൾവിയില്ലാത്തതാണ്. ഇത് ഈ നിയമസഭയെ മാത്രമല്ല, പാർലമെന്ററി നടപടിക്രമങ്ങളെയാകെ വെല്ലുവിളിക്കുന്നതും നഗ്നമായി ലംഘിക്കുന്നതുമാണ്. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവും ഉൾപ്പെടെയുള്ളവർ നേതൃത്വവും പ്രോത്സാഹനവും നൽകുന്നത് വളരെ നിർഭാഗ്യകരമാണ്. കാര്യോപദേശക സമിതിയിൽ ക്ഷണിച്ചിട്ടും പ്രതിപക്ഷാംഗങ്ങൾ പങ്കെടുത്തില്ലെന്ന കാര്യം അങ്ങുതന്നെ ഇവിടെ പരാമർശിച്ചു. എല്ലാ ദിവസവും

അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുകയും അത് സഭ പരിഗണിക്കുമോ എന്നറിയുന്നതിന് മുമ്പുതന്നെ സഭാനടപടികൾ തടസ്സപ്പെടുത്തുന്ന സ്ഥിതിയാണ് കഴിഞ്ഞ ദിവസങ്ങളിൽ കാണുന്നത്. സാധാരണഗതിയിൽ ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന ഒരു സാഹചര്യം കേരള നിയമസഭയിൽ ഉണ്ടാകാറില്ല. അത്യപൂർവ്വമായി മാത്രമാണ് അങ്ങനെ സംഭവിക്കുന്നത്. പ്രതിപക്ഷം ബോധപൂർവ്വമാണ് സഭ തടസ്സപ്പെടുത്തുന്ന സമീപനം സ്വീകരിക്കുന്നത്. അങ്ങയുടെ റൂളിംഗിൽ സൂചിപ്പിച്ചതുപോലെ, സഭ ചേർന്നുകൊണ്ടിരിക്കെ സമാന്തര സമ്മേളനം ചേരുന്നതിൽ കർക്കശമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*541)

**തുറമുഖങ്ങളുടെ സമഗ്ര വികസനം**

(*541) ശ്രീ. കെ. വി. സുമേഷ്:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുകടത്തിൽ പ്രധാന പങ്കുള്ള ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ആലപ്പുഴ തുറമുഖത്തെ മികച്ച മറൈനായും സമുദ്ര വിനോദസഞ്ചാര കേന്ദ്രമായും വികസിപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള സാധ്യതാ റിപ്പോർട്ടിന്റെ വിശദാംശം അറിയിക്കാമോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ,

(എ&ബി) ലക്ഷദ്വീപിലേയ്ക്ക് ഇന്ധനമടക്കമുള്ള പ്രധാന ചരക്കുകളെല്ലാം ബേപ്പൂർ തുറമുഖത്തുനിന്നാണ് കയറ്റി അയച്ചിരുന്നത്. തുടർന്ന് ലക്ഷദ്വീപ് ഭരണകൂടം ആവശ്യപ്പെട്ടതുപ്രകാരം ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ബേപ്പൂരിൽ ഒരു ബർത്ത് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് അവരുമായി കരാറിലേർപ്പെടുകയുണ്ടായി. എന്നാൽ MoU ഒപ്പുവച്ചെങ്കിലും ബർത്ത് നിർമ്മാണത്തിൽനിന്ന് ലക്ഷദ്വീപ് ഭരണകൂടം പിന്നോട്ടുപോയി. മാത്രമല്ല, ഇപ്പോൾ രാഷ്ട്രീയവും മറ്റുമുള്ള ചില കാരണങ്ങളാൽ ലക്ഷദ്വീപിലേയ്ക്കുള്ള

ചരക്കുനീക്കം വളരെ കുറഞ്ഞിട്ടുണ്ട്. എന്നാലും ദ്വീപ്സമൂഹത്തോട് ഏറ്റവും അടുത്തുള്ള തുറമുഖം എന്ന നിലയിലും, നമ്മുടെ സംസ്ഥാനവുമായി ദ്വീപ്സമൂഹത്തിനുള്ള ബന്ധവും പരിഗണിച്ച് ഇവിടെനിന്നുള്ള ചരക്കുനീക്കം കാലക്രമത്തിൽ പഴയപോലെയാകുമെന്നാണ് പ്രതീക്ഷ. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുള്ള ഒരു മാസ്റ്റർ പ്ലാനിന് രൂപം നൽകിയിട്ടുണ്ട്.

ബേപ്പൂർ തുറമുഖത്തിൽ കപ്പൽവഴിയുള്ള ചരക്കുനീക്കം നടത്തുന്നതിനാവശ്യമായ വാർഫ്, ക്രെയിനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാമുണ്ട്. നിലവിൽ ചില ഭാഗങ്ങളിൽ 3 മീറ്റർ മാത്രമാണ് ആഴമുള്ളത്. ഇത് 4.5 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിന് 12.5 കോടി രൂപ ചെലവ് വരുന്ന ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ആദ്യ ടെണ്ടറിൽ യോഗ്യതയുള്ള ഒന്നിലധികം കരാറുകാർ ഇല്ലാത്തതിനാൽ റീടെണ്ടർ ചെയ്തിരിക്കുകയാണ്. പടിപടിയായി ആഴം 8 മീറ്ററായി വർദ്ധിപ്പിക്കാനും ആലോചനയുണ്ട്. ഇവിടെ ഒരു ബർത്ത്കൂടി നിർമ്മിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി. ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട്

തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടെ ചെറുകിട തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. അതിന് പര്യാപ്തമായ നിലയിൽ ബേപ്പൂർ, വിഴിഞ്ഞം, കൊല്ലം, അഴീക്കൽ തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരികയാണ്. ഈ രംഗത്ത് കൂടുതൽ വൈദഗ്ദ്ധ്യമുള്ള റോട്ടർഡാം തുറമുഖ അധികൃതരുമായി ചർച്ചകൾ നടത്തുന്നുണ്ട്.

(സി) ആലപ്പുഴ തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണത്തിനും തുറമുഖത്തെ മറീനയായി വികസിപ്പിക്കുന്നതിനുമായി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (CMD) തിരുവനന്തപുരം എന്ന സ്ഥാപനത്തെ നിയോഗിച്ചിരുന്നു. CMD തിരുവനന്തപുരം 500 കോടി രൂപയുടെ വികസന പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൺസെപ്റ്റ് നോട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ തയ്യാറാക്കിയിരിക്കുന്ന 500 കോടി രൂപയുടെ പ്രോജക്ട് സംസ്ഥാന സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാകയാൽ മുസരീസ് പ്രോജക്ടിന്റെ ഭാഗമായി ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ആലപ്പുഴ കടൽപ്പാലത്തിന്റെ പണി പൂർത്തിയായി വരുന്ന മുറയ്ക്ക് അതിന് സമാന്തരമായി 30 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലും ഒരു വാർഫ് പണിയാനും പ്രസ്തുത വാർഫിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കി രണ്ടാം ഘട്ടത്തിൽ ഈ വാർഫ് എക്സ്റ്റൻഡ് ചെയ്ത് വീണ്ടും രണ്ട് വാർഫുകൾകൂടി കണക്ക് ചെയ്ത് ഒരു മറീന വികസിപ്പിക്കുന്ന വിഷയം മാരിടൈം ബോർഡ് പരിശോധിച്ചുവരുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, പ്രതിപക്ഷത്തിന്റെ നടപടികൾ അങ്ങേയറ്റം ജനാധിപത്യ വിരുദ്ധവും കേരളത്തിലെ ജനങ്ങളോടുള്ള അവഹേളനവുമാണ്. ചട്ടങ്ങൾക്ക് വിരുദ്ധമായി നിയമസഭാ പ്രവർത്തനത്തിൽ ചോദ്യോത്തരവേള തടസപ്പെടുത്തുന്നതിൽ കടുത്ത പ്രതിഷേധം രേഖപ്പെടുത്തുന്നു.

വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി കേരളത്തിൽ ഒരു വലിയ മുന്നേറ്റമാണ് തീരദേശ/തുറമുഖ മേഖലയിലുണ്ടാകാൻ പോകുന്നത്.

അഴീക്കൽ, ബേപ്പൂർ, പൊന്നാനി മുതൽ നീണ്ടകര വരെയുള്ള പതിനേഴോളം മൈനർ പോർട്ടുകളുടെ വികസനത്തിന് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോഴുണ്ടാകുന്ന സാധ്യതയെ എങ്ങനെ ഉപയോഗപ്പെടുത്താനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കണ്ണൂർ അഴീക്കലിൽ പുതിയ ഗ്രീൻഫീൽഡ് തുറമുഖം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സമിതി പരിശോധിച്ചുവരികയാണ്. ഇപ്പോൾ ഡ്രഡ്ജ് ചെയ്ത് കൂട്ടിയിരിക്കുന്ന മണൽ പുതിയ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് ഉപയോഗപ്പെടുത്താമെന്ന ശിപാർശ ലഭിച്ചിട്ടുണ്ട്. ഇക്കാര്യവും പരിശോധിച്ചുവരികയാണ്. അഴീക്കലിൽ നിലവിലുള്ള തുറമുഖത്ത് ആഴം കുറവാണ്. കോസ്റ്റൽ ഷിപ്പിംഗ് ആരംഭിക്കുന്ന മുറയ്ക്ക് ഇവിടെ ഡ്രഡ്ജിംഗ് നടത്തുന്നതാണ്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടുകൂടി കേരളത്തിലെ എല്ലാ മൈനർ പോർട്ടുകളും വിപുലീകരിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. ആ രൂപത്തിൽ അത് സംഘടിപ്പിക്കുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, നിലവിലുള്ള അഴീക്കൽ പോർട്ടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് അതിന്റെ ഡ്രഡ്ജിംഗും മണൽ ശുചീകരണ പ്ലാന്റും ഉൾപ്പെടെയുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, തീർച്ചയായും ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ. സൂചിപ്പിച്ചതുപോലെതന്നെ ബേപ്പൂരിലെ ഡ്രഡ്ജിംഗ് വളരെ പെട്ടെന്നുതന്നെ ചെയ്യേണ്ടതായിട്ടുണ്ട്. അവിടെ നേരത്തെ കുമിഞ്ഞുകൂടിയിരുന്ന മണൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനമായിട്ടുണ്ട്. വളരെ വിജയകരമായി പൊന്നാനിയിൽ പരീക്ഷിച്ച് വിജയിച്ച മണൽ ശുദ്ധീകരണശാല അവിടെയും ആരംഭിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചിട്ടുണ്ട്. അത് വരുന്ന മുറയ്ക്ക് പ്രസ്തുത സംവിധാനം ആരംഭിക്കാൻ കഴിയുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, ജനങ്ങളുടെ ജീവിത പ്രശ്നവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉന്നയിക്കേണ്ട ഒരു സമയമാണിത്. സഭ തടസപ്പെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾതന്നെയാണ് പ്രതിപക്ഷത്തിന്റെ ജനദ്രോഹ നടപടി. കോവിഡ് കാലത്ത് രാജ്യത്തെ എല്ലാ തുറമുഖങ്ങളും

നിശ്ചലമായപ്പോഴും നിരവധി കപ്പലുകളാണ് വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചെയിഞ്ചിംഗിന് എത്തിയത്. ഇതുവഴി ജനങ്ങൾക്ക് സാമ്പത്തിക നേട്ടവും തൊഴിലുമുണ്ടായിരുന്നു. സംസ്ഥാനത്തിനും നല്ല വരുമാനമുണ്ടായിരുന്നു. എന്നാൽ ക്രൂ ചെയിഞ്ച് നിർത്തലാക്കിയ കേന്ദ്രത്തിന്റെ നടപടിയിലൂടെ സംസ്ഥാനത്തിന് തിരിച്ചടിയുണ്ടായി. വിഴിഞ്ഞത്ത് ക്രൂ ചെയിഞ്ച് പുനഃസ്ഥാപിക്കുന്നതിന് നടപടിയുണ്ടാകുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ക്രൂ ചെയിഞ്ചുമായി ബന്ധപ്പെട്ട് നിരവധി തവണ കേന്ദ്ര ഗവൺമെന്റുമായി എഴുത്തുകുത്തുകൾ നടത്തുകയും നേരിട്ട് ബന്ധപ്പെടുകയും ചെയ്തിരുന്നു. കോവിഡുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യത്തിൽ ഒരു താൽക്കാലിക പെർമിഷൻ മാത്രമാണ് അന്ന് നമുക്ക് ലഭ്യമാക്കിയിരുന്നത്. പിന്നീട് കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ച മറുപടി ഇപ്പോൾ അതിന് സാധ്യമല്ല എന്ന രീതിയിലാണ്. തുടർന്നും ക്രൂ ചെയിഞ്ചിംഗിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നിരന്തരം സഭയെ അവഹേളിക്കുകയും ജനാധിപത്യപരമായി അംഗങ്ങൾക്കുള്ള

അവകാശങ്ങളെപ്പോലും നിഷേധിക്കുകയും ചെയ്യുന്ന നിലയിലാണ് പ്രതിപക്ഷം ഇവിടെ ഇടപെട്ടുകൊണ്ടിരിക്കുന്നത്. അംഗങ്ങളെന്നുള്ള നിലയിൽ ഞങ്ങൾക്ക് ഒരു കാര്യങ്ങളിലും പങ്കെടുക്കുവാനോ അഭിപ്രായം പറയാനോ കഴിയാത്ത നിലയുണ്ടാകുകയാണ്. സ്പീക്കറുടെ റൂളിംഗിനെപ്പോലും കാറ്റിൽപ്പറത്തുകയാണ്. ആലപ്പുഴയെ ഒരു വിനോദസഞ്ചാര മേഖലയെന്ന നിലയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുകയും അതിനുവേണ്ടി ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്ത് ചില പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്തിരുന്നു. അതിനുവേണ്ടി 2020-ൽ കിഫ്ബി 15 കോടി 26 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ 5 കോടി രൂപകൂടി വാർഫിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വകകൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് അടിയന്തര ഇടപെടലുണ്ടാകുമോ; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിനെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, അതുസംബന്ധിച്ച് അവിടെ ചില യോഗങ്ങൾ ചേർന്നിട്ടുണ്ട്. അവിടെ കൂടുതൽ പഠനങ്ങളും ആവശ്യമായി

വന്നിട്ടുണ്ട്. അടുത്തുതന്നെ എം.എൽ.എ. അടക്കം പ്രധാനപ്പെട്ട വ്യക്തികളുടെ യോഗം വിളിച്ചുചേർത്ത് ഒരു തീരുമാനത്തിലെത്താൻ ശ്രമിക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, നീണ്ടകര മാരിടൈം അക്കാദമിയെക്കുറിച്ചാണ് എന്റെ ചോദ്യം. തുറമുഖ വകുപ്പിന് കീഴിലുള്ള ഏതാണ്ട് 90 ശതമാനം പ്രവൃത്തിയും പൂർത്തിയായ ഈ സ്ഥാപനം പൂർത്തീകരിച്ച് പ്രവർത്തിക്കുവാൻ വളരെ കുറച്ച് സമയവും തുകയും മാത്രമെ വേണ്ടിവരുകയുള്ളൂ. തുറമുഖ വകുപ്പ് അത് മാരിടൈം ബോർഡിന് കൈമാറുകയാണെങ്കിൽ മാരിടൈം ബോർഡിന്റെ കൈവശമുള്ള തുക വിനിയോഗിച്ച് പണി പൂർത്തിയാക്കുവാനും പെട്ടെന്നുതന്നെ മാരിടൈം അക്കാദമി ഉദ്ഘാടനം ചെയ്യുവാനും സാധിക്കും. ആയതിനാൽ ഈ നിലപാട് സ്വീകരിക്കുവാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണിത്. ഭീമമായ തുക മുതൽമുടക്കി പൂർത്തിയാക്കാൻ കഴിയാതെപോയൊരു പ്രോജക്ടാണത്. ആ പ്രോജക്ട് പൂർത്തീകരിക്കുന്നതിനുവേണ്ടി മാരിടൈം ബോർഡ് ഇപ്പോൾ Expression of Interest വിളിച്ചിട്ടുണ്ട്. അതിനനുസരിച്ച് ആ പദ്ധതി പൂർത്തിയാക്കാൻ

കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

## തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടി

(*542) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള കുടിശ്ശികയും അവധിയും ആവശ്യപ്പെട്ടതിന് വനിതാ തൊഴിലാളിയെ നെയ്യാറ്റിൻകരയിലെ ഒരു സ്ഥാപനയുടമ ക്രൂരമായി മർദ്ദിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗിന്റെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ നിയമപരമായ അവകാശം സംരക്ഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) തൊഴിലാളി സൗഹൃദ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്ന പദ്ധതി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) നെയ്യാറ്റിൻകര താലൂക്കിലെ വഴുതൂർ വാർഡിൽ അറക്കുന്ന് കടവ് റോഡിൽ ക്രിസ്റ്റഫർ എന്ന വ്യക്തിയുടെ വീട് വാടകയ്ക്കെടുത്ത് ലോഷൻ, ഫ്ളോർ ക്ലീനർ എന്നിവ വീടുകളിൽ കൊണ്ടുപോയി വില്പന നടത്തുന്ന എസ്.ബി.റ്റി.സി. എന്ന സ്ഥാപനത്തിന്റെ മാനേജരാണ് സ്ഥാപനത്തിലെ വനിതാ തൊഴിലാളിയെ മർദ്ദിച്ചത്. സ്ഥാപനത്തിന്റെ മാനേജരും വനിതാ തൊഴിലാളിയും തമ്മിൽ സാമ്പത്തിക വിഷയത്തിൽ തർക്കമുണ്ടാകുകയും തുടർന്ന് ലഭിക്കേണ്ട വേതന കുടിശ്ശിക ആവശ്യപ്പെട്ടപ്പോഴാണ് മർദ്ദനം ഉണ്ടായതെന്നുമാണ് വിവരം. മർദ്ദനത്തെ തുടർന്ന് പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുകയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയുംചെയ്തു.

കുറച്ച് മാസങ്ങളായി ടി സ്ഥാപനത്തിൽ ജോലി ചെയ്തുവരികയായിരുന്ന തൊഴിലാളിയുടെ വേതനകുടിശ്ശികയുമായി ബന്ധപ്പെട്ട് 04/03/2023-ന് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽവച്ച് ഒത്തുതീർപ്പ് ചർച്ച നടത്തുകയും ടിയാൾക്ക് 32,300/- രൂപ ക്യാഷായും, 17,500/- രൂപ വീതമുള്ള ഐ.ഡി.എഫ്.സി. ബാങ്കിന്റെ രണ്ട് ചെക്കും നൽകുകയുണ്ടായി. ആയത് ടി തൊഴിലാളിയുമായി സംസാരിച്ചതിൽനിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ

തുകയും മാറിയശേഷം രേഖാമൂലം ഒരു രസീത് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറുടെ മേൽവിലാസത്തിൽ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മറ്റൊരു വനിതാ തൊഴിലാളിക്കും ശമ്പള കുടിശ്ശികയായ 10,814/- രൂപ ക്യാഷായി നൽകിയിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽ നിയമങ്ങൾ ഉറപ്പ് നൽകുന്ന സേവന വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് Centralised Inspection System മുഖേനയും തൊഴിലാളികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലൂടെയും ഉറപ്പുവരുത്താറുണ്ട്. ഇപ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ തൊഴിലാളികൾക്ക് നൽകാത്ത തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ മുതലായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിൽ തർക്കങ്ങളിൽ ഇടപെട്ട് തൊഴിലാളികൾക്ക് അവകാശങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലൂടെ തൊഴിലാളികൾക്ക് കാലാനുസൃതമായ മിനിമം വേതനം ഉറപ്പാക്കുന്നു. ഗ്രാറ്റുവിറ്റി നിയമ

പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലുടമകൾ നൽകാത്ത സാഹചര്യത്തിൽ തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ നടപടി സ്വീകരിച്ച് ആയത് ലഭ്യമാക്കിക്കൊടുക്കുന്നു. 1965-ലെ ബോണസ്സ് നിയമത്തിന്റെ പരിധിയിൽവരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ആയത് ലഭ്യമാക്കുന്നു. അത്തരത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം വളരെ കാര്യക്ഷമമായി ഇടപെടൽ നടത്തിവരുന്നുണ്ട്.

(സി) തൊഴിലാളി സൗഹൃദ അന്തരീക്ഷത്തിന്റെയും മറ്റ് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്ത് അവാർഡ് നൽകിവരുന്നു. നിലവിൽ 11 തൊഴിൽ മേഖലകളെയാണ് ഗ്രേഡിംഗിനായി പരിഗണിക്കുന്നത്. മികവിന്റെ അടിസ്ഥാനത്തിൽ സുവർണ്ണ, വജ്ര അവാർഡുകളും വജ്ര അവാർഡ് ലഭിച്ച സ്ഥപനങ്ങളിൽനിന്നും ഏറ്റവും മികച്ച ഒരു സ്ഥാപനത്തെ കണ്ടെത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് നൽകിവരുന്നു. നടപ്പുവർഷവും 2021 വർഷത്തെ ഗ്രേഡിംഗ് അവാർഡ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, സഭാചട്ടങ്ങൾക്കെതിരായി പ്രതിപക്ഷം നടത്തുന്ന ചട്ടവിരുദ്ധ പ്രവർത്തനം അങ്ങേയറ്റം

പരിഹാസ്യമാണ്. എന്റെ ചോദ്യം, സംസ്ഥാനത്തെ എത്ര മേഖലകളിലാണ് മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. വി. ശിവൻകുട്ടി: സർ, സംസ്ഥാനത്തെ മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 84 മേഖലകളിലും മിനിമം വേതനം നിശ്ചിയിച്ച് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 തൊഴിൽ മേഖലകളിലാണ് മിനിമം വേതനം വർദ്ധിപ്പിച്ചത്. ആയതിൽ 13 തൊഴിൽ മേഖലകളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും മീഡിയ സെക്ടർ, TMT Steel Bars എന്നീ രണ്ട് മേഖലകളുടെ മിനിമം വേതനം ആദ്യമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ സ്പീക്കറുടെ റൂളിംഗിനെ പ്രതിപക്ഷം സഭയ്ക്കകത്തും പുറത്തും നിരന്തരമായി വിമർശിക്കുകയും വെല്ലുവിളിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് പഴയ ഒരു റൂളിംഗ് ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 13-07-1990-ൽ ബഹുമാനപ്പെട്ട സ്പീക്കർ നൽകിയിട്ടുള്ള റൂളിംഗ് അങ്ങയുടെ ശ്രദ്ധയിലേയ്ക്ക്

കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ആ റൂളിംഗിൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു, "ജനാധിപത്യത്തിൽ ഇതൊന്നും ശരിയല്ല. അതിനുശേഷം പ്രതിപക്ഷ നേതാക്കൻമാർ സ്പീക്കർക്കെതിരെ ഒരു പത്രപ്രസ്താവന നടത്തി. അതും വളരെ ഖേദകരമായിപ്പോയി; അതും ജനാധിപത്യത്തിന് ചേർന്നതല്ല. സ്പീക്കറോടുള്ള പ്രതിഷേധം പത്രപ്രസ്താവന നടത്തിയല്ല പ്രകടിപ്പിക്കേണ്ടത്. ജനാധിപത്യ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ് സ്പീക്കർക്കെതിരായി പത്രപ്രസ്ഥാവന നടത്തുന്നത്. രണ്ടാമത്തെക്കാര്യം എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയാനുള്ളത്, എന്റെ ജനാധിപത്യ ബോധം ഇപ്പോൾ അങ്ങേയ്ക്ക് മനസിലാകുകയില്ല എന്നതാണ്. കുറേ കഴിയുമ്പോൾ മനസ്സിലാകും." അതിനുശേഷം ശക്ധർ ആൻഡ് കൗൾ ഉദ്ധരിച്ചുകൊണ്ട് സ്പീക്കർ ആ റൂളിംഗിൽ പറയുന്ന "A member who protests against the ruling of the Speaker commits contempt of the House and the Speaker'.' അതാണ് ഈ പ്രതിപക്ഷം ചെയ്തിട്ടുള്ളത്. ഈ സഭയെ അവഹേളിക്കുകയും സ്പീക്കറെ അവഹേളിക്കുകയുമാണ് സഭയ്ക്കകത്തും പുറത്തും പ്രതിപക്ഷം ചെയ്യുന്നത്. ഇതുനേരത്തെയുള്ള റൂളിംഗിന് വിരുദ്ധമാണ്. "The Speaker's decision is equally binding whether  given in the House or

on a departmental file. He is not bound to give reasons for his decisions. Members cannot criticise directly or indirectly, inside or outside the House, any ruling given, opinion expressed or statement made, by the Speaker." ഈ റൂളിംഗിന്റെ നഗ്നമായ ലംഘനമാണ് പ്രതിപക്ഷനേതാവിന്റെ കാർമ്മികത്വത്തിൽ സഭയ്ക്കകത്തും പുറത്തും നടന്നുകൊണ്ടിരിക്കുന്നത്. അങ്ങയുടെ തീർപ്പ് ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അങ്ങയുടെ റൂളിംഗിനെ പ്രതിപക്ഷം സഭയ്ക്കകത്തും പുറത്തും ലംഘിച്ചുകൊണ്ടിരിക്കുകയാണ്, വെല്ലുവിളിയ്ക്കുകയാണ്. ഇക്കാര്യത്തിൽ അങ്ങയുടെ തീർപ്പുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, സ്ത്രീ തൊഴിലാളികളുടെ സംരക്ഷണത്തിനായി സർക്കാർ നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അവ ഏതെല്ലാം?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, സ്ത്രീകളുൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിന്

തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്. 2018-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. 2018-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 20 (ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കുമിടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്. ജോലിസ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും പ്രസ്തുത നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. സ്ത്രീ തൊഴിലാളികൾക്ക് അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്കടുത്ത്

സുരക്ഷിതവും സൗകര്യപ്രദവുമായ സ്റ്റുഡിയോ അപ്പാർട്ടുമെന്റുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് 'സ്റ്റുഡിയോ അപ്പാർട്ടുമെന്റ് പദ്ധതി'. ടി പദ്ധതി പ്രകാരം നിർമ്മിക്കുന്ന അപ്പാർട്ടുമെന്റുകൾക്ക് ഒരു കിടപ്പുമുറി, ഹാൾ, അടുക്കള കൂടാതെ അത്യാവശ്യ ഫർണീച്ചറുകളുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാകുകയാണ്. മേനംകുളത്ത് 2022 ഡിസംബറിൽ പ്രസ്തുത പദ്ധതിയ്ക്ക് തറക്കല്ലിട്ടു, നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തൊഴിലാളികൾക്കിടയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പ് നടപ്പിലാക്കിയ കോൾ സെന്റർ സംവിധാനമാണ് 'സഹജ'. പേരുവിവരങ്ങൾ വെളിപ്പെടുത്താതെ ഫോൺ സന്ദേശത്തിലൂടെ പ്രശ്നങ്ങൾ തൊഴിൽ വകുപ്പ് ഓഫീസർമാരിൽ എത്തിക്കുന്നതിന് ഈ കോൾ സെന്റർ സംവിധാനം സഹായകമാണ്. പരാതിക്കാർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകാൻ പ്രാപ്തരായ ഉദ്യോഗസ്ഥരാണ് കോൾ സെന്റർ കൈകാര്യം ചെയ്യുന്നത്. കോൾ സെന്ററിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന് കോൾ സെന്റർ എക്സിക്യൂട്ടീവ് കൈമാറുകയും പരാതിക്കാരിക്ക് പരാതിയുടെ രജിസ്റ്റർ നമ്പർ ലഭിക്കുകയും ചെയ്യുന്നു. ഈ രജിസ്റ്റർ നമ്പർ

ഉപയോഗിച്ച് പരാതിയുടെ തുടർനടപടികൾ അറിയുവാനും ഉറപ്പാക്കുവാനും സാധിക്കുന്നു. രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ 1800 4255 5215 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കാവുന്നതാണ്. 1968-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരം മെറ്റേണിറ്റി അവധി 26 ആഴ്ചയായി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് കേരളത്തിലെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കും സ്വകാര്യ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമാക്കി കേരള സർക്കാർ ഉത്തരവായിട്ടുണ്ട്. അൻപതോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ തൊഴിലുടമ ക്രഷ് സൗകര്യം നൽകണമെന്നും വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, നിയമസഭയുടെ ക്രിയാത്മകമായ പ്രതിപക്ഷമായി പ്രവർത്തിക്കുമെന്നാണ് പ്രതിപക്ഷനേതാവായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. ഡി. സതീശൻ സഭയ്ക്ക് ഉറപ്പുനൽകിയത്. സഭയുടെ ചരിത്രത്തിൽ ഒരുപക്ഷെ രേഖപ്പെടുത്താൻ കഴിയും, ഏറ്റവും കരിനിഴൽ ബാധിക്കുന്ന നടപടികൾ സ്വീകരിക്കുന്ന, നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്ന, ഒരു പ്രതിപക്ഷനേതാവായി അങ്ങ് ഈ ചരിത്രം എഴുതി തയ്യാറാക്കി വയ്ക്കുമെന്ന് നിസംശയം പറയാം.

എന്റെ ചോദ്യം, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ ബന്ധ സമിതികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സംസ്ഥാനത്തെ വ്യവസായ മേഖലകളിൽ സമാധാനവും സൗഹൃദവുമായ തൊഴിലന്തരീക്ഷം നിലനിർത്തുന്നതിനാണ് തൊഴിൽ വകുപ്പിന്റെ കീഴിൽ ലേബർ കമ്മീഷന്റെ അദ്ധ്യക്ഷതയിൽ വ്യവസായ ബന്ധ സമിതികൾ സർക്കാർ രൂപീകരിച്ചിട്ടുള്ളത്. തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ എന്നിവരടങ്ങിയ ത്രികക്ഷി സമിതിയായ വ്യവസായ ബന്ധ സമിതികൾ മുഖേന വിവിധ മേഖലകളിലെ തൊഴിലാളികളുടെ ബോണസ്, വേതന പരിഷ്കരണം, തൊഴിൽ തർക്കങ്ങൾ എന്നീ നിരവധി വിഷയങ്ങളിൽ ചർച്ചകളിലൂടെ സമവായത്തിലെത്തിച്ചേർന്ന് പരിഹാരം കണ്ടെത്താറുണ്ട്. സംസ്ഥാനത്തെ തൊഴിൽ വകുപ്പിനുകീഴിൽ 13 വ്യവസായ ബന്ധ സമിതികളും ഒരു വ്യവസായ ബന്ധ സമിതി ബോർഡും പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ ബന്ധ സമിതികൾവഴി വിവിധ വ്യവസായ മേഖലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചുകൊണ്ടുള്ള 2021 ഫെബ്രുവരി മാസം 18-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-04-2022 മുതൽ പ്രാബല്യത്തിൽ വരുത്തി പെൻഷൻ പ്രായം 58 വയസ്സിൽനിന്നും 60 വയസ്സായി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2022 ജൂൺ 18-ന് നടത്തിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിലും തീരുമാനമായിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന/വേതന വ്യവസ്ഥ പുതുക്കിനിശ്ചയിക്കുന്നതിനുള്ള നടപടികൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റി മുഖേന നിലവിൽ വന്നിട്ടുണ്ട്. കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെയും കശുവണ്ടി ഫാക്ടറി ജീവനക്കാരുടെയും ഓണം ബോണസ് സംബന്ധിച്ച് വ്യവസായ ബന്ധ സമിതി ചർച്ചയിലൂടെ അനുയോജ്യമായ രീതിയിൽ തീരുമാനം കൈക്കൊള്ളാൻ സാധിച്ചിട്ടുണ്ട്. കുട്ടനാടൻ കാർഷിക മേഖലയിൽ സാധാരണ ജോലി ചെയ്യുന്ന കർഷക തൊഴിലാളികളുടെ കൂലി സമയബന്ധിതമായി പുതുക്കി നിശ്ചയിക്കുകയുണ്ടായി. കയർ മേഖലയിലെ തൊഴിലാളികളുടെ ഓണം, ക്രിസ്തുമസ് അഡ്വാൻസ്, ബോണസ് സംബന്ധിച്ച കൂലി പുതുക്കി

നിശ്ചയിക്കുന്നത് സംബന്ധിച്ചും ഫലപ്രദമായ രീതിയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ശ്രീ. പി. നന്ദകുമാർ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. എ. പ്രഭാകരൻ: സർ, ചട്ടങ്ങൾക്കും നിയമങ്ങൾക്കും അതീതമായി സാമാന്യമര്യാദപോലും പാലിക്കാത്ത പ്രതിപക്ഷം ഈ സഭയിൽ ജനങ്ങളുടെ അവകാശങ്ങൾ ഉന്നയിക്കുന്നത് തടസ്സപ്പെടുത്തുന്നതും ഈ രീതിയിൽ പോകുന്നതും പ്രതിഷേധാർഹം മാത്രമല്ല നെറികേടാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നല്ല നിലയിൽ പ്രവർത്തിച്ചുവന്ന പാലക്കാടുള്ള ബി.പി.എൽ. സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഇപ്പോൾ കൃത്യമായ ശമ്പളവും ബോണസ്സും കൊടുക്കുന്നില്ല. പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും നൽകുന്നില്ല. പ്രോവിഡന്റ് ഫണ്ടും മറ്റാനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ഇതുപോലുള്ള പല സ്ഥാപനങ്ങളും സംസ്ഥാനത്തുണ്ട്. തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളും ശമ്പളവും ലഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ

സർക്കാരിന് സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സർക്കാരിനെ സംബന്ധിച്ചിടത്തോളം തൊഴിൽ സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും മറ്റും മുടക്കംകൂടാതെ ലഭിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുംവേണ്ടിയുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരികയാണ്. എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരുൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തിവരികയാണ്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാക്കുകയാണ്. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നുണ്ടോയെന്ന്

തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന നടത്താതെതന്നെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്റർ മുഖാന്തരം ബന്ധപ്പെടാവുന്നതാണ്. ഇവിടെ സൂചിപ്പിച്ച സ്ഥാപനത്തിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, പ്രതിപക്ഷത്തിന്റെ ഈ തറപ്പരിപാടി കാരണം ജനപ്രതിനിധികൾക്ക് നിരവധി അവസരങ്ങൾ നഷ്ടപ്പെടുകയാണ്.

ഞാൻ ഇവിടെ ചോദിക്കാൻ ആഗ്രഹിക്കുന്നത്, തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് നിരവധി സ്ഥലങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി. തിരുവനന്തപുരം നഗരത്തിലടക്കം കെട്ടിടങ്ങളുടെ ടെറസ്സിൽ താൽക്കാലിക ട്രെസ് വർക്ക് നടത്തി തൊഴിലാളികളെ കുത്തിനിറച്ച് പാർപ്പിക്കുന്ന ഒരു സംവിധാനമുണ്ടായിരിക്കുകയാണ്. ഇത് പരിശോധിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും വകുപ്പ് തയ്യാറാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇത്തരം കേന്ദ്രങ്ങളിൽ തൊഴിൽ വകുപ്പ്

ഇടപെടുകയും പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. പ്രത്യേകിച്ച് അതിഥി തൊഴിലാളികൾ താമസിക്കുന്ന പ്രദേശത്ത് പ്രത്യേക പരിശോധന നടത്തുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ തൊഴിൽ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച് നിരവധി പരാതികൾ വന്നിട്ടുണ്ടായിരുന്നു. അത് പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പല തടസ്സങ്ങളും സൃഷ്ടിച്ചിരുന്നു. കേരളം തൊഴിൽ സൗഹൃദ സംസ്ഥാനമായി മാറിയിരിക്കുകയാണ്. പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള സൗഹൃദ അന്തരീക്ഷമാണ് ഇവിടെയുള്ളത്. തൊഴിലാളിക്കും സംരക്ഷണമുണ്ട്. അതിഥി തൊഴിലാളികൾക്ക് ഇത്രയധികം സംരക്ഷണം കൊടുക്കുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിൽതന്നെയില്ലെന്ന കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് കിട്ടുന്നതുപോലെയുള്ള എല്ലാ ആനുകൂല്യങ്ങളും ഒരുപക്ഷെ ചില കാര്യങ്ങളിൽ അതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ അതിഥി തൊഴിലാളികൾക്ക് കിട്ടുന്നുവെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നിയമസഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ

ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷം മാറിനിൽക്കുന്നത് അങ്ങേയറ്റം ഖേദകരമാണ്. കെ.പി.സി.സി.-ക്ക് അകത്തുള്ള വലിയ ഗ്രൂപ്പിസം, കെ.പി.സി.സി. പ്രസിഡന്റിനും പ്രതിപക്ഷനേതാവിനുമെതിരായി എം.പി.-മാരടക്കമുള്ളവർ അതിശക്തമായി മുന്നോട്ടുപോകുന്നു. മുസ്ലീം ലീഗിലും സമാനമായ പ്രശ്നങ്ങളുണ്ട്. ഇത് പുറത്തുവരാതിരിക്കാൻ ഈ സഭയിൽ നഷ്ടമുണ്ടാക്കി അത് ലൈവാക്കാൻ നോക്കുന്നത്, ഈ സഭയെ കരുവാക്കാൻ നോക്കുന്നത്, അങ്ങേയറ്റം ഖേദകരമാണെന്നാണ് പറയാനുള്ളത്.

എന്റെ ചോദ്യം, ഐ.ടി. മേഖലയിൽ ഈ അടുത്ത കാലത്തായി വലിയ രീതിയിലുള്ള പിരിച്ചുവിടൽ നടക്കുന്നുണ്ട്. അമേരിക്കൻ ബേസ്ഡായിട്ടുള്ള കമ്പനികളിലൊക്കെതന്നെ അത്തരത്തിലുള്ള പിരിച്ചുവിടൽ നടക്കുന്നത് വലിയ തോതിൽ ഐ.ടി. മേഖലയിൽ പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്. ഐ.ടി. മേഖലയിലുള്ള ആളുകൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ സെൻട്രൽ ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കിലും തരത്തിൽ ആലോചനകൾ നടത്താൻ കഴിയുമോ; ടി വിഷയുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഐ.ടി. മേഖലയിൽ ഉയർന്നുവരുന്ന ചില

തൊഴിൽ പ്രശ്നങ്ങളിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടുന്നുണ്ട്. കോവിഡിനുശേഷം ഐ.ടി. മേഖലയിൽ പ്രശ്നങ്ങൾ ഗുരുതരമാണ്. കോവിഡ് കാലഘട്ടത്തിൽ വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷമുണ്ടായിരുന്നു. കോവിഡിനുശേഷം തൊഴിലാളികളെ പിരിച്ചുവിടുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിൽ തൊഴിൽ വകുപ്പ് ഇടപെടുന്നതിന് ചില പരിമിതികളുണ്ട്. എങ്കിലും തൊഴിൽ വകുപ്പ് അത്തരം കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾ പിരിച്ചുവിടലിന് അനുകൂലമാണെങ്കിൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടും ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിനുള്ള പരിശ്രമം നടത്തും.

മി. സ്പീക്കർ: നിയമസഭയുടെ നടുത്തളത്തിലിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോയിരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഒരുകാര്യം അഭ്യർത്ഥിക്കാനുള്ളത്, ഇന്നലെ ചെയർ ഇവിടെ നൽകിയ റൂളിംഗിന് കടകവിരുദ്ധമായ പരാമർശങ്ങളാണ് പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സാധാരണ നിലയിൽ സ്പീക്കർ എന്ന

പദവിയെ എല്ലാവരും മാനിക്കാറുണ്ടെന്ന് മാത്രമല്ല, സ്പീക്കർക്കെതിരായ പത്രസമ്മേളനങ്ങളൊന്നും നടത്താറുമില്ല. പക്ഷേ, കേരളത്തിന്റെ ഇത:പര്യന്തമുള്ള ചരിത്രത്തിലാദ്യമായാണ് സ്പീക്കറുടെ കോലം കത്തിക്കുന്ന നടപടിപോലുമുണ്ടായിട്ടുള്ളത്. ഇത് അങ്ങേയറ്റം അപലപനീയമാണ്. ഇവിടെയൊരു കാര്യം സൂചിപ്പിക്കാനുള്ളത് 'Who will bell the cat' എന്നൊരു പ്രയോഗമുണ്ട്. 'പൂച്ചയ്ക്കാര് മണികെട്ടും'. പ്രതിപക്ഷാംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുന്ന വിഷയം അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചുവെന്നതാണെങ്കിൽ സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ 1957 മുതൽ 2023 വരെയുള്ള 66 വർഷങ്ങൾക്കിടയിൽ നടന്ന അടിയന്തരപ്രമേയങ്ങളെക്കുറിച്ചും അനുവദിക്കപ്പെട്ട അടിയന്തരപ്രമേയങ്ങളെ കുറിച്ചും ഇന്നലെയും ഇന്നുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതി പല ഘട്ടത്തിലും നിഷേധിച്ചിട്ടുണ്ട്. It is time to bell the cat; പൂച്ചയ്ക്കാര് മണികെട്ടും എന്ന ചോദ്യത്തിന്, ചെയർ മണികെട്ടാൻ തയ്യാറാണ്. ചെയറിനെതിരെ ആക്ഷേപങ്ങൾ ചൊരിഞ്ഞും ചെയറിനെ വ്യക്തിപരമായി അധിക്ഷേപിച്ചും ഇത്തരം പത്രസമ്മേളനങ്ങളിലൂടെ ആക്ഷേപിക്കുന്ന രീതി

ശരിയല്ല. ഇത് അങ്ങേയറ്റം അപലപനീയമാണ്. ഈയൊരു പ്രവണത തുടർച്ചയായി നടക്കുകയാണ്. ചെയർ ഒരു കാര്യം നിഷേധിക്കുമ്പോൾ അതിനെ ആക്ഷേപിച്ചുകൊണ്ട് പുറത്ത് പത്രസമ്മേളനം നടത്തുകയാണ്. യഥാർത്ഥത്തിൽ ഇവിടെ വിളിക്കപ്പെട്ട മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഇവിടെ നടുത്തളത്തിലിരിക്കുന്നവരാരും ഫ്ലോറിലിരിക്കാൻ പാടില്ല. അത്തരമൊരു ഡിസിപ്ലിനറി ആക്ഷനിലേയ്ക്ക് ചെയറിന് പോകാൻ സാധിക്കുമായിരുന്നുവെങ്കിലും അപ്രകാരമൊരു drastic step-ലേയ്ക്ക് പോകാതിരിക്കുന്നത് ആ രീതി ശരിയല്ലെന്നതുകൊണ്ടാണ്. എന്നിരുന്നാലും പ്രതിപക്ഷാംഗങ്ങളുടെ ഇത്തരമൊരു നിലപാട് ശരിയല്ല. ഇവിടെ നടന്ന ഓരോ കാര്യങ്ങളും വിശദമായി ചൂണ്ടിക്കാട്ടി ചെയർ ഇന്നലെ റൂളിംഗ് നൽകിക്കൊണ്ട് ഒരു  കാര്യം കൂടി പരാമർശിച്ചിരുന്നു. ഇതിന്റെ പ്രിമൈസസ് ലെജിസ്ലേച്ചറിനകത്താണ്. ബന്ധപ്പെട്ട കക്ഷിനേതാക്കളുമായി ആലോചിച്ച ശേഷമാണ് അനന്തര നടപടി സ്വീകരിക്കുന്നതെന്ന കാര്യംപോലും പൂർണ്ണമായും അംഗീകരിക്കാതെ ഇത്തരമൊരു സമീപനം സ്വീകരിച്ചുപോകുന്ന രീതി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടുന്ന പ്രതിപക്ഷാംഗങ്ങൾക്ക് യോജിച്ചതാണോയെന്ന് നിങ്ങൾ തന്നെയാണ്

ചിന്തിക്കേണ്ടത്. പ്രതിപക്ഷ നിരയിലുള്ളവരെല്ലാം പരിണതപ്രജ്ഞരാണ്; ദീഘകാലത്തെ അനുഭവ സമ്പത്തുള്ളവരാണ്; പ്രതിപക്ഷനിരയിലെ ചില ബഹുമാന്യാംഗങ്ങൾ ഞാൻ ജനിക്കുന്നതിനുമുമ്പ് സഭാംഗങ്ങളായവരാണ്. അത്തരമൊരു പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള സമീപനം സ്വീകരിച്ചുപോരുന്നത് ഏറ്റവും ഉയർന്ന ജനാധിപത്യബോധം കാണിക്കുന്ന കേരള ലെജിസ്ലേറ്റീവ് അസംബ്ലിക്ക് യോജിച്ചതാണോയെന്ന ഒരു പുനർവിചിന്തനത്തിന് പ്രതിപക്ഷ നേതൃനിര വിധേയമാകേണ്ടതാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ ചോദ്യോത്തരവേള തുടരുകയാണ്. അതിനോട് സഹകരിക്കണമെന്ന് പ്രതിപക്ഷാംഗങ്ങളോട് ഒരിക്കൽക്കൂടി ചെയർ അഭ്യർത്ഥിക്കുകയുമാണ്.

**പത്താം ക്ലാസ് പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം**

(*543) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്താം ക്ലാസ് പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും പഠനസൗകര്യമൊരുക്കാൻ പൊതുവിദ്യാഭ്യാസ

വകുപ്പിന് സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ കയ്യൊഴിഞ്ഞ കഴക്കൂട്ടം സൈനിക സ്കൂളും കായംകുളം എൻ.ടി.പി.സി. കേന്ദ്രീയവിദ്യാലയവും അതത് സ്ഥാപനങ്ങളുടെ അധീനതയിൽ നിലനിർത്തുന്നതിനാവശ്യമായ ഇടപെടൽ നടത്താൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിനാനുപാതികമായി അദ്ധ്യാപക തസ്തികകൾ അനുവദിക്കാനും വിവിധതലങ്ങളിലുള്ള അദ്ധ്യാപക പ്രമോഷൻ, ബൈട്രാൻസ്ഫർ ഉൾപ്പെടെ നൽകാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് വിദ്യാലയങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഈ നിയമസഭയിലെ ഞങ്ങളെപ്പോലുള്ളവർ മുൻകാലങ്ങളിൽ എം.എൽ.എ.മാരായിരുന്നവരാണ്. സഭയ്ക്കുള്ളിൽ ഓരോ ആവശ്യങ്ങൾ ഉന്നയിച്ച് അവസരം ലഭിച്ചപ്പോഴൊക്കെ ശക്തമായ പ്രതിഷേധം നടത്തിയിട്ടുണ്ട്. പക്ഷെ, നിലവിൽ നടന്നുവരുന്ന രൂപത്തിലുള്ള

പ്രതിഷേധങ്ങളൊന്നും നാളിതുവരെ സഭയിലുണ്ടായിട്ടില്ല. നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്ന വേളയിൽ അതിനുബദലായി പ്രതിപക്ഷാംഗങ്ങൾ നടത്തിയപോലുള്ള പാരലൽ സഭയോ സഭയ്ക്കകത്ത് സത്യാഗ്രഹസമരമോ നാളിതുവരെ നടത്തിയിട്ടില്ല. നിയമസഭയ്ക്കുപുറത്ത് സത്യാഗ്രഹസമരം നടത്തിയിട്ടുണ്ട്. പാവപ്പെട്ട വാച്ച് ആന്റ് വാർഡ് വനിതാംഗങ്ങളുടെ കയ്യുംകാലും അടിച്ചൊടിച്ചതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഇത്തരത്തിൽ ബഹളം വയ്ക്കുന്നത് എവിടത്തെ ന്യായമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി, അങ്ങ് മറുപടി പറയൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, അവർക്ക് കാര്യങ്ങൾ മനസ്സിലായിട്ടില്ല. അതുകൊണ്ട് പറഞ്ഞതാണ്.

(എ) 2022-23 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിനായി ആകെയുണ്ടായിരുന്ന 4,29,681 സീറ്റുകളിൽ ആകെ 3,84,557 വിദ്യാർത്ഥികൾ പ്രവേശനം നേടുകയുണ്ടായി. ഈ വർഷത്തെ പ്രവേശന നടപടികൾ അവസാനിച്ചപ്പോൾ 45,124 സീറ്റുകൾ ഒഴിഞ്ഞു

കിടക്കുകയാണ്. സംസ്ഥാനത്തെ ഒരു താലൂക്കിലും സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. ആവശ്യമുള്ളിടത്ത് താൽക്കാലിക ബാച്ചുകളും മാർജിനൽ സീറ്റ് വർദ്ധനവും ഏർപ്പെടുത്തി പ്രവേശന നടപടികൾ തുടർന്നതിനാൽ തന്നെ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാധ്യമായിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് 33030 സീറ്റുകൾ ലഭ്യമാണ്. ടി സീറ്റുകളിൽ ഈ വർഷം 29042 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. ഈ വർഷം ആകെ 3988 സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്.

(ബി) കഴക്കൂട്ടം സൈനിക സ്കൂൾ, കായംകുളം എൻ.ടി.പി.സി, കേന്ദ്രീയ വിദ്യാലയം എന്നിവയുടെ പ്രവർത്തനം നിലനിർത്തുന്നതിന് സർക്കാർ സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴക്കൂട്ടം സൈനിക സ്കൂൾ നിലനിർത്തുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത ധാരണാപത്ര പ്രകാരം നിലവിൽ നൽകി വരുന്ന സ്കോളർഷിപ്പ്, ഡയറ്ററി ചാർജ് എന്നിവയ്ക്കുപുറമെ അടിസ്ഥാനസൗകര്യ വികസനം, സ്കൂൾ നടത്തിപ്പ് ചെലവിനായി ശമ്പളവും

അലവൻസും ഒഴിച്ചുള്ളവയുടെ മുഖ്യപങ്ക്, കെട്ടിടം, റോഡ് എന്നിവയും സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരും.

ഹരിപ്പാട് എൻ.ടി.പി.സി ക്യാമ്പസിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2021 ഡിസംബർ 28-ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കേന്ദ്രീയ വിദ്യാലയം പ്രോജക്ട് സെക്ടറിൽ നിന്നും സിവിൽ സെക്ടറിലേയ്ക്കു മാറ്റി എൻ.ടി.പി.സി ക്യാമ്പസ്സിൽ തന്നെ നിലനിർത്തണമെന്നും സ്കൂൾ നടത്തിപ്പിനായി വർഷം 3 കോടി രൂപ അനുവദിക്കുകയും ചെയ്യണമെന്നും അഭ്യർത്ഥിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്തയച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ 2021-22 വർഷം അഡ്മിഷൻ നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രീയ വിദ്യാലയ സംഗതനും വിദ്യാഭ്യാസ വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു.

തുടർന്ന് ഈ വിഷയത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. രമേശ് ചെന്നിത്തല ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP (C)

3347/2022 ഹർജിയിൽ സ്കൂൾ നിലനിർത്തുന്നതിന് അനുകൂലമായ വിധി ഉണ്ടാകുകയും ഇതിനെതിരെ എൻ.റ്റി.പി.സി. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ എസ്.എൽ.പി.(സി) നം.6030/2022 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട സുപ്രീം കോടതി, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്റ്റേ നീക്കിയാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിന്റെയടിസ്ഥാനത്തിൽ പ്രൈമറി, സെക്കണ്ടറി തലത്തിൽ അനുവദിക്കേണ്ട അധിക തസ്തികകൾ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത അധിക തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് നിയമനങ്ങൾ, തസ്തികമാറ്റം, സ്ഥാനക്കയറ്റമുൾപ്പെടെയുള്ളവ അംഗീകരിക്കുന്നതാണ്. സർക്കാർ സ്കൂളുകളിൽ സൃഷ്ടിക്കപ്പെടുന്ന അധിക തസ്തികകൾ നിലവിലെ അനുപാതപ്രകാരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. നിലവിലെ അനുപാതപ്രകാരം ബൈട്രാൻസ്ഫർ, സ്ഥാനക്കയറ്റം എന്നിവയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം

കൈക്കൊണ്ടിട്ടില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. എം. വിജിൻ): സർ, സർക്കാരിന്റെ ഭരണനേട്ടങ്ങൾ ജനങ്ങൾ അറിയാതിരിക്കാൻ നിയമസഭാനടപടികൾ അലങ്കോലപ്പെടുത്തി നാടകമാടുന്ന പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്. പലതവണ റിഹേഴ്സലെടുത്താലും സ്റ്റേജിലെത്തുമ്പോൾ പരാജയപ്പെട്ടുപോകുന്ന നിലയാണ് പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ഇപ്പോഴുള്ളത്.

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ മറ്റ് ബോർഡുകളിൽനിന്നും വലിയതോതിൽ വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറിയിലേയ്ക്ക് വരുന്നത് കണക്കിലെടുത്ത് അത്തരം വിദ്യാർത്ഥികൾക്കുകൂടി പഠനസൗകര്യം ഒരുക്കുന്നതിനാവശ്യമായ പിന്തുണ വിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായിട്ടുണ്ടാകുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ ഇതര ബോർഡുകളിൽനിന്ന് ഹയർ സെക്കണ്ടറിയിൽ ധാരാളം വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ ഇതര ബോർഡുകളുടെ പരീക്ഷാഫലം ലഭ്യമായി അവർക്ക് പ്ലസ് വൺ പ്രവേശനപ്പരീക്ഷ നൽകുവാനും പ്രവേശനം ലഭിക്കുന്നതിനുമുള്ള അവസരം നൽകിയതിനുശേഷമാണ് ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ അവസാനിക്കുന്നത്.

മുൻവർഷം 32743 പേർ സി.ബി.എസ്.ഇ.-യിൽനിന്നും 3201 പേർ ഐ.സി.എസ്.ഇ.-യിൽനിന്നും 10101 പേർ മറ്റിതര ബോർഡുകളിൽനിന്നുമുള്ള വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി പ്രവേശനത്തിന് അപേക്ഷിച്ചിരുന്നു. ഇവരിൽ 28432 സി.ബി.എസ്.ഇ. വിദ്യാർത്ഥികൾക്കും 3222 ഐ.സി.എസ്.ഇ. വിദ്യാർത്ഥികൾക്കും 6043 മറ്റിതര ബോർഡുകാർക്കും അഡ്മിഷൻ നൽകിയിട്ടുണ്ട്.

ശ്രീ. എം. വിജിൻ: സർ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല ഏറ്റവും മാതൃകാപരമായി മുന്നോട്ടുപോകുകയാണ്. കേരളത്തിലെ കുട്ടികൾക്ക് നേരത്തെ പാഠപുസ്തകമോ ഉച്ചക്കഞ്ഞിയോ യൂണിഫോമോ ഒന്നും കൊടുക്കാത്ത യു.ഡി.എഫ്.-ന്റെ ഭരണകാലം നമുക്കോർമ്മയുണ്ട്. എന്നാലിപ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി

വിദ്യാർത്ഥികളുടെ എണ്ണം വലിയതോതിൽ വർദ്ധിച്ചിട്ടുണ്ട്. ആ വർദ്ധനവിനനുസരിച്ച് പാഠപുസ്തകം, യൂണിഫോം എന്നിവ വിതരണം ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് സർക്കാരിനെ സംബന്ധിച്ച് ഉണ്ടായിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സർക്കാരിനെ സംബന്ധിച്ച് ഇക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടുമില്ല. 2023-24 അധ്യയന വർഷത്തിലേയ്ക്ക് 4,09,00,000 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ഉത്തരവ് നിലവിൽ നൽകിയിട്ടുണ്ട്. ഇത് 2022-23 അധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ളതാണ്. 2024-25 അധ്യയന വർഷത്തെ ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് എന്നീ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ മാറ്റങ്ങളുണ്ടാകാൻ സാധ്യതയുള്ളതിനാലും കരിക്കുലം മാറുന്ന പ്രവർത്തനങ്ങൾ SCERT-ൽ നടന്നുവരുന്നതിനാലും മുൻവർഷങ്ങളിലേതുപോലെ ഇത്തവണ അധികമായി പാഠപുസ്തകങ്ങൾ അച്ചടിച്ചിട്ടില്ല. 2023-24 അധ്യയന വർഷത്തിലെ ആറാം പ്രവൃത്തിദിവസത്തെ കുട്ടികളുടെ കണക്കനുസരിച്ച് വർദ്ധനവുണ്ടായാൽ അഡീഷണലായി ഇൻഡന്റ് ചെയ്യുന്നതിനും അപ്രകാരം ആവശ്യമായ

പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ അധ്യയനവർഷത്തെ കുട്ടികളുടെ എണ്ണത്തിൽനിന്ന് പ്രൊപ്പോസൽ സമർപ്പിച്ച 10 ശതമാനം കുട്ടികൾക്കാണ് സർക്കാർ യൂണിഫോം ലഭ്യമാക്കുന്നത്. അധ്യയന വർഷം ആരംഭിക്കുമ്പോൾ കുട്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് അതുസംബന്ധിച്ച വിവരം സർക്കാരിലേയ്ക്ക് ലഭ്യമാക്കുന്നമുറയ്ക്ക് യൂണിഫോം ലഭ്യമാക്കുന്നതാണ്.

ജൂൺ മാസം ഒന്നാം തീയതിയാണ് സ്കൂൾ തുറക്കുന്നത്. ഈ മാസം 25-ാം തീയതി അതായത് ഒന്നര മാസങ്ങൾക്കുമുമ്പ് കുട്ടികളുടെ പാഠപുസ്തകം കൊടുക്കുകയാണ്. ഒന്നര മാസത്തിനുമുമ്പ് കുട്ടികൾക്കാവശ്യമായ യൂണിഫോം അതായത് ഈ മാസം 25-ാം തീയതി എറണാകുളത്ത് നടക്കുന്ന ചടങ്ങിൽവച്ച് കൊടുക്കുകയാണ്. ഈ അവധിക്കാലത്ത് കുട്ടികൾക്ക് അഞ്ച് കിലോ അരി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റൊരു കാര്യം ബഹുമാനപ്പെട്ട സ്പീക്കർ വിദ്യാർത്ഥി നേതാവായിരുന്നപ്പോൾ പ്രസംഗിച്ചതുപോലെ, ഫോട്ടോസ്റ്റാറ്റ് പാഠപുസ്തകം വച്ച് പഠിച്ച സാഹചര്യത്തിൽനിന്നും വ്യത്യസ്തമായി, ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്ത് ഈ രൂപത്തിൽ പാഠപുസ്തകം, ഉച്ചക്കഞ്ഞി, ഉച്ചഭക്ഷണം,

സൗജന്യ അരി, യൂണിഫോം എന്നിവ കൊടുക്കുന്ന ഏതെങ്കിലുമൊരു സംസ്ഥാനത്തെ ചൂണ്ടിക്കാണിക്കാൻ ഇവർക്ക് കഴിയുമോ; ഇത്തരം സംവിധാനം കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലുണ്ടോ എന്ന് പ്രതിപക്ഷാംഗങ്ങൾ ചൂണ്ടിക്കാണിക്കട്ടെ.

ശ്രീ. എം. മുകേഷ്: സർ, അടുത്ത അധ്യയനവർഷം അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം ഹയർസെക്കണ്ടറി പഠനം ഉറപ്പുവരുത്തുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ഉന്നയിച്ചത്. കഴിഞ്ഞ വർഷം ഇത്തരമൊരു പ്രശ്നമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ ഇടപെടുകയും ആവശ്യമുള്ള സ്കൂളുകൾക്ക് ഏകദേശം 79-ഓളം അധിക ബാച്ചുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ വർഷം ഹയർസെക്കണ്ടറി സീറ്റിന് അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകിയിട്ടുണ്ട്. പ്രവേശനം അവസാനിച്ചതിനുശേഷം സീറ്റുകൾ ഒഴിഞ്ഞുകിടന്ന ചില സ്ഥലങ്ങളിൽ ടി സീറ്റുകൾ

നഷ്ടപ്പെടാതിരിക്കുന്നതിനായി ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ഏകദേശം 1500-ഓളം വിദ്യാർത്ഥികൾക്ക് വിവിധ സ്കൂളുകളിൽ ചേരുന്നതിനുള്ള സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. മാത്രമല്ല, നിലവിലുള്ള സീറ്റുകളുടെ എണ്ണത്തെപ്പറ്റി നേരത്തെ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. എന്നാൽ മലപ്പുറം പോലുള്ള പല ജില്ലകളിലും താലൂക്കടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സീറ്റുകളുടെയും കോഴ്സുകളുടെയും പ്രയാസം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് അടുത്ത വർഷം അതായത്, ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചതിനുശേഷം എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനുവേണ്ടി നിലവിലുള്ള സീറ്റുകളുടെ എണ്ണവും ആവശ്യമുള്ള വിഷയത്തിന്റെ എണ്ണവും പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഹയർ സെക്കണ്ടറി കോഴ്സുകളുടെ സീറ്റിന്റെ കാര്യത്തിൽ ക്രമീകരണം വരുത്തുന്നതാണ്. ഹയർ സെക്കണ്ടറി സീറ്റുകളുടെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള സമീപനത്തെ

സംബന്ധിച്ച് ഞാനിവിടെ സൂചിപ്പിച്ചതിനേക്കാൾ കൂടുതൽ കാര്യങ്ങൾ സഭയിലെ ചില പ്രതിപക്ഷാംഗങ്ങൾക്ക് അറിയാവുന്നതാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിന്റെ ആഗ്രഹംപോലെ പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ നിയമസഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. നേമം നിയോജകമണ്ഡലത്തിലെ ബി.ജെ.പി.-യുടെ അക്കൗണ്ട് പൂട്ടിച്ചത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിജയത്തോടെയാണ്. കേരള നിയമസഭയിൽ ബി.ജെ.പി.-ക്ക് എം.എൽ.എ.-മാരില്ലെങ്കിൽപ്പോലും അവരുടെ രാഷ്ട്രീയം നിയമസഭയിൽ പ്രയോഗിക്കുന്നവർ ബി.ജെ.പി.-യുടെ ഏജന്റുമാരാണോയെന്ന് ഞങ്ങൾ സംശയിക്കുന്നു. തുടർച്ചയായി ഈ പ്രതിപക്ഷ പ്രഹസനം എന്തിനാണെന്ന് മനസ്സിലാകുന്നില്ല.

ഏതാനും വർഷങ്ങളായി പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടൽ മാത്രമാണോ ഇത്തരമൊരു വർദ്ധനവിന് കാരണം; ഇതിനായി മറ്റെന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ചെയ്യുന്നത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഒന്നാം പിണറായി സർക്കാർ

അധികാരത്തിൽ വന്നപ്പോൾ കേരളത്തിലെ പല സ്കൂളുകളും പൂട്ടുന്ന സാഹചര്യത്തിലായിരുന്നു. സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറവായിരുന്നു. ചില സ്കൂളുകൾ പൂട്ടിക്കഴിഞ്ഞിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ സജീവമായ ഇടപെടലിന്റെ ഫലമായി ഇത്തരത്തിൽ പൂട്ടാൻ നിശ്ചയിച്ചിരുന്ന എയ്ഡഡ് മാനേജ്മെന്റിന്റെ കീഴിലുള്ള ചില സ്കൂളുകൾ ഏറ്റെടുക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തയ്യാറായെന്നുമാത്രമല്ല ഒന്നും രണ്ടും പിണറായി സർക്കാരുകൾ കേരളത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 3000 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. സ്കൂളുകളുടെ വികസന കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാഴ്ചപ്പാടിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമോ രാഷ്ട്രീയമോയില്ല. 140 നിയോജകമണ്ഡലങ്ങളിലും നല്ല നിലയിലുള്ള വികസനപ്രവർത്തനങ്ങൾ നടത്തണമെന്ന നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ സർക്കാരിനുള്ളത്. അതിനായി 3000 കോടി രൂപ മാറ്റിവച്ചെന്നുമാത്രമല്ല അത്യന്താധുനിക ശാസ്ത്രസാങ്കേതികവിദ്യകൾ സ്കൂളുകളിൽ കൊണ്ടുവരാനും സാധിച്ചു. കോവിഡ് കാലഘട്ടത്തിൽ ആ നിലയിലുള്ള വിദ്യാഭ്യാസം നടത്താൻ സർക്കാർ തയ്യാറായിട്ടുണ്ട്. ഇവിടെ

നേരത്തെ സൂചിപ്പിച്ചതുപോലെ, പൊതുവിദ്യാഭ്യാസ മേഖലയിൽ പത്തര ലക്ഷം വിദ്യാർത്ഥികളാണ് പുതുതായി പ്രവേശനം നേടിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ മേഖലയുടെ സുവർണ്ണകാലഘട്ടത്തിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വിദ്യാർത്ഥികളുടെ കാര്യത്തിൽ അദ്ധ്യാപകർ ഇടപെടുകയും പരീക്ഷകൾ കൃത്യമായി നടക്കുന്നുണ്ട്. പരീക്ഷാ ഫലപ്രഖ്യാപനം കൃത്യമായി നടക്കുന്നുണ്ട്. ഓരോ അദ്ധ്യാപകരും കുട്ടികളുടെ രക്ഷാകർത്താക്കളായി മാറുന്ന പുതിയൊരു സാഹചര്യം കേരളത്തിലെമ്പാടും വളർന്നുവന്നിട്ടുണ്ട്. ആ നിലയിൽ ഇന്ന് പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള അത്യുജ്ജ്വലമായ നേട്ടം 140 നിയോജകമണ്ഡലങ്ങളിലുമുണ്ടായിട്ടുണ്ടെന്ന കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ക്രിയാത്മക പ്രതിപക്ഷമെന്ന് അവകാശപ്പെടുന്നവർ കേരള നിയമസഭയുടെ എല്ലാ ജനാധിപത്യപരമായ നടപടികളെയും പരിഹസിക്കുന്ന, അപഹസിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഇതിനെതിരായി ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുള്ള

മാതൃകാപരമായ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. അതിനനുസരിച്ച് അദ്ധ്യാപക നിയമനങ്ങൾ കഴിഞ്ഞ വർഷം നടത്താൻ കഴിഞ്ഞിട്ടുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കോവിഡ് കാലഘട്ടത്തിൽ എയ്ഡഡ് മാനേജ്മെന്റിനുകീഴിൽ മുടങ്ങിക്കിടന്ന ഏതാണ്ട് ആറായിരത്തോളം അദ്ധ്യാപകരെ നിയമിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രണ്ടാം പിണറായി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, ഏതെങ്കിലുമൊരു വിദ്യാലയത്തിൽ (എയ്ഡഡ് സ്കൂൾ/സർക്കാർ സ്കൂൾ) അദ്ധ്യാപകരുടെ കുറവുണ്ടെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അവരെ നിയമിക്കുന്നതിനുള്ള അനുവാദം വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുണ്ട്. നിവിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരുടെ കുറവില്ലെന്നത് വസ്തുതയാണ്. നിലവിൽ സംസ്ഥാനത്താകെയുള്ള കുട്ടികളുടെ കണക്കെടുപ്പ് നടത്തിയതിൽ കേരള സംസ്ഥാനത്ത് ഒന്ന് മുതൽ 12 വരെയുള്ള ക്ലാസുകളിൽ ആകെ 47 ലക്ഷം വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ഈ കണക്കനുസരിച്ച് 6005 അദ്ധ്യാപകതസ്തിക പുതുതായി നിശ്ചയിക്കേണ്ടിവരുമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ

ആയതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. അടുത്ത അധ്യയന വർഷം തീർച്ചയായും അതിനുവേണ്ടിയുള്ള പരമാവധി പരിശ്രമം നടത്തും. കുട്ടികളെ സംബന്ധിച്ചിടത്തോളം പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാത്ത സാഹചര്യം കേരളത്തിലുണ്ടാകുന്ന പ്രശ്നമില്ലെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും അവതരിപ്പിക്കേണ്ട സഭയിലാണ് കഴിഞ്ഞ കുറേദിവസമായി പ്രതിപക്ഷാംഗങ്ങൾ ഈ സ്തംഭനം നടത്തുന്നത്. എന്തിനാണെന്ന് ചോദിച്ചാൽ, ബ്രഹ്മപുരം കത്തി, അണഞ്ഞു. (......ബഹളം.......) അതുകഴിഞ്ഞ് മേലിൽ അങ്ങനെയുണ്ടാകാതിരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമെല്ലാം മുൻകയ്യെടുത്ത് പ്രവർത്തനമാരംഭിച്ചു. ഇതെല്ലാം നടക്കുമ്പോഴും ഇവിടെ പ്രധാനപ്പെട്ട ചില വിഷയങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നില്ല. ഇത് സ്പോൺസേർഡ് സമരമാണെന്ന് കേൾക്കുമ്പോൾ അറിയാം. ഇത് മറ്റാരെയോ സന്തോഷിപ്പിക്കാനുള്ള സമരമാണ്. നമ്മുടെ നാട്ടിൽ പഴയൊരു കഥയുണ്ട്. ആരോ പിടിച്ച പുലിവാൽ എന്നുപറയും. ഈ പുലിയുടെ വാലിൽനിന്ന്

വിട്ടാൽ മാധ്യമങ്ങൾ കളിയാക്കുമെന്ന് പേടിച്ചാണ് ഇപ്പോൾ ഈ സമരം നടത്തുന്നത്. അതുകൊണ്ട് ഈ വാലിൽ നായര് മുറുകെപ്പിടിക്കുന്നതാണ് നല്ലത്. 'നായരുപിടിച്ച പുലിവാൽ' എന്ന് പറഞ്ഞതുപോലെയാണ്. പിടിച്ചിരിക്കുന്ന വാലിൽനിന്ന് വിട്ടാൽ പുലി തിന്നും. വാല് വിടാനും വയ്യ, അവിടെ ഇരിക്കാനും വയ്യ. ഇപ്പോൾ പലരും കുടുങ്ങിയിരിക്കുകയാണ്. ഇന്ന് മുതൽ ഇവിടെ കിടക്കുമെന്നാണ് പറയുന്നത്. ഏതായാലും അതവിടെ നിൽക്കട്ടെ. (......ബഹളം.......)

കേരളത്തിലെ ലക്ഷക്കണക്കിന് സ്കൂളുകളെയും അദ്ധ്യാപകരെയും ബാധിക്കുന്ന ഒരു വിഷയം ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കാൻപോലും പ്രതിപക്ഷം സമ്മതിച്ചില്ല. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. 2015-ൽ പെട്ടെന്നൊരു ദിവസം സ്കൂൾ പാഠപുസ്തകങ്ങൾ മാറ്റിയതിന്റെ ഫലമായി പുതിയ പാഠപുസ്തകങ്ങൾ വന്നതിലൂടെ കോടിക്കണക്കിന് രൂപയുടെ പാഠപുസ്തകങ്ങൾ കെട്ടിക്കിടക്കുന്നതിനാൽ ഈ വർഷവും അടുത്ത വർഷവുമായി സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രഥമാദ്ധ്യാപകർക്കും സൊസൈറ്റിയുടെ ചുമതലയുള്ള അദ്ധ്യാപകർക്കും ശമ്പളവും ആനുകൂല്യങ്ങളും വാങ്ങാൻ കഴിയാത്ത നിലയിൽ കോടാനുകോടി രൂപയുടെ

ലയബിലിറ്റിയുണ്ടായിട്ടുണ്ട്. അതിൽ ഗവൺമെന്റ് എന്തെങ്കിലുമൊരു തീരുമാനമുണ്ടാക്കണം. അദ്ധ്യാപകർ റിട്ടയർ ചെയ്യുമ്പോൾ അവരുടേതല്ലാത്ത കുറ്റത്തിന് അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പിടിച്ചുവയ്ക്കാനിടയാകുന്ന സാഹചര്യമുണ്ടാകാതിരിക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ? (......ബഹളം.......)

ശ്രീ. വി. ശിവൻകുട്ടി: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് അങ്ങിവിടെ സൂചിപ്പിച്ചത്. പല സ്കൂളുകളിലും പഴയ പാഠപുസ്തകങ്ങൾ കെട്ടിക്കിടക്കുന്നത് ഹെഡ്മാസ്റ്റർമാർക്ക് ബാദ്ധ്യതയായി മാറിയിരിക്കുകയാണ്. ഹെഡ്മാസ്റ്റർമാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന അവസരത്തിൽ അവരുടെ പെൻഷനെയും അനുബന്ധ ആനുകൂല്യങ്ങളെയും ഇത് ബാധിക്കുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ഏതായാലും ഈ പ്രശ്നം പരിഹരിക്കുന്നതിനായി ചില നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിനുശേഷം ഓരോ സ്കൂളുകളിലും കെട്ടിക്കിടക്കുന്ന പാഠപുസ്തകങ്ങൾ വിത്ഡ്രോ ചെയ്യുന്നതിനുള്ള നടപടികളാരംഭിക്കാം. പാഠപുസ്തകം കെട്ടിക്കിടക്കുന്നുവെന്നതിന്റെ പേരിൽ ഒരദ്ധ്യാപകന്റെയും പേരിൽ യാതൊരു നടപടിയും സ്വീകരിക്കില്ലെന്ന വസ്തുത സഭയെ അറിയിക്കാൻ

ആഗ്രഹിക്കുകയാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, അടുത്തപ്രാവശ്യം മലബാർ മേഖലയിൽ കൂടുതൽ ഹയർ സെക്കണ്ടറി ബാച്ചുകൾ ആരംഭിക്കാൻ സാധ്യതയുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ അധ്യയനവർഷം ഇക്കാര്യം അഡ്രസ് ചെയ്തതാണ്. മലബാർ മേഖലയിലെ ആവശ്യമുള്ളസ്ഥലങ്ങളിൽ ഹയർ സെക്കണ്ടറി ബാച്ചുകളനുവദിക്കുന്നകാര്യം സർക്കാർ ആലോചിക്കുന്നുണ്ട്. ഏതെല്ലാം ജില്ലകളിലും താലൂക്കുകളിലുമാണ് പുതുതായി സീറ്റുകൾ അനുവദിക്കേണ്ടത്, ഏതൊക്കെ വിഷയങ്ങളാണ് അനുവദിക്കേണ്ടത് എന്നീ വിഷയങ്ങനെ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി വയനാട്, ഇടുക്കി ജില്ലകളിലെ പട്ടികവർഗ്ഗമേഖലയിൽ സയൻസ് ബാച്ചിനുപകരം ആർട്സ് സബ്ജക്ടുകളാണ് അനുവദിക്കേണ്ടത്. അത്തരം വിഷയങ്ങളുൾപ്പെടെ സമിതി പരിശോധിക്കുന്നതാണ്. എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികൾക്കാർക്കും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അഡ്മിഷൻ ലഭിക്കാത്ത സാഹചര്യമുണ്ടാവില്ലെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, അപഹാസ്യമായ നിലയിൽ നിയമസഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മുന്നോട്ടുപോകുന്നത്. ഇത്തരത്തിൽ ജനങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് അത്യന്തം ദൗർഭാഗ്യകരമാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

കഴിഞ്ഞതവണ സീറ്റ് കുറവുണ്ടായ സാഹചര്യത്തിൽ അധിക ബാച്ചുകൾ അനുവദിച്ച് കുട്ടികളുടെ പഠനാന്തരീക്ഷം നിലനിർത്തുന്നതിനുവേണ്ടിയുള്ള വലിയ ശ്രമം ഗവൺമെന്റ് നടത്തിയിരുന്നു. കഴിഞ്ഞതവണ അധിക ബാച്ചുകൾ അനുവദിച്ച സ്ഥലങ്ങളിൽ ആ ബാച്ചുകൾ നിലനിർത്താനുള്ള ശ്രമം ഇത്തവണയുണ്ടാകുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കഴിഞ്ഞവർഷം അപേക്ഷകരുടെയും അപേക്ഷകർ ആവശ്യപ്പെട്ട വിഷയങ്ങളുടെയും അടിസ്ഥാനത്തിലാണ് ബാച്ചുകൾ അനുവദിച്ചത്. അങ്ങനെ ബാച്ചുകൾ അനുവദിച്ചതിലൂടെ അഡ്മിഷൻ ലഭിച്ചവർ ഇപ്രാവശ്യം അവർ ഒന്നാംവർഷ കോഴ്സിന് പഠിക്കുകയാണ്. രണ്ടാംവർഷവും അവർ അവിടെ തുടർന്ന് പഠിക്കുന്നതിനാൽ ടി ബാച്ച് പിൻവലിക്കാൻ സാധിക്കില്ല. കഴിഞ്ഞവർഷം അധിക ബാച്ച്

അനുവദിച്ച സ്ഥലങ്ങളിൽ പരീക്ഷ കഴിയുന്നതുവരെ അത് നിലനിൽക്കും. ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൊത്തത്തിലൊരു റീ-അറേഞ്ച്മെന്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഏതായാലും കുട്ടികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യമുണ്ടാകാൻ പാടില്ല. ഓൺലൈൻ അഡ്മിഷനാണ് ഇതിൽ ഏറ്റവും പ്രധാനപ്രശ്നം. അതിന്റെ ഭാഗമായിട്ടുള്ള ചില പ്രശ്നങ്ങളുമായാണ് പലരും എം.എൽ.എ.-മാരെ സമീപിക്കുന്നത്. ഓൺലൈൻ അഡ്മിഷൻ സംവിധാനമാകുമ്പോൾ വീടിന് തൊട്ടടുത്തുള്ള സ്കൂളിൽ അല്ലെങ്കിൽ പഠിച്ച സ്കൂളിൽ അഡ്മിഷൻ കിട്ടുന്നില്ലെന്ന പ്രശ്നമാണ് ഉന്നയിക്കുന്നത്. നിയമസഭയിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്തിട്ടുള്ളതാണ്. പഠിച്ച സ്കൂളിൽ കുട്ടികൾക്ക് സീറ്റ് കിട്ടുന്നില്ലെന്നും 10 കിലോമീറ്റർ ദൂരെയുള്ള സ്കൂളികാണ് സീറ്റ് ലഭിക്കുന്നതെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നത്. നമുക്കാർക്കും അക്കാര്യം യാതൊരു ഇടപെടലും നടത്താൻ സാധിക്കില്ല. അതുമാത്രമല്ല കഴിഞ്ഞകാലങ്ങളിൽ നിർത്തിവച്ചിരുന്ന പാഠ്യേതര വിഷങ്ങൾക്ക് കുട്ടികൾക്ക് നൽകുന്ന ഗ്രേസ്

മാർക്കിന്റെ കാര്യത്തിൽ ഈ വർഷംമുതൽ പുനഃക്രമീകരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്...വേദിയിലിരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഹകരിക്കണം. പ്ലീസ്.... പ്ലീസ്... സഭയുടെ നടുത്തളത്തിലിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ എല്ലാവരും അവരവരുടെ ചെയറിലിരിക്കണം. പ്ലീസ്.... പ്ലീസ്.. ആവർത്തിച്ച് ചെയർ ആവശ്യപ്പെട്ടിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചെയറിനോട് തീർത്തും നിസ്സഹകരണമാണ് വച്ചുപുലർത്തിക്കൊണ്ടിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ തുടർ നടപടികളിലേയ്ക്ക് കടക്കാൻ ചെയർ നിർബന്ധിതമാവുകയാണ്.

ഓർഡർ....ഓർഡർ.....ഇന്നത്തെ ചോദ്യോത്തരവേളയുടെ അവശേഷിക്കുന്ന ഭാഗം റദ്ദുചെയ്യുകയും കാര്യപരിപാടിയിലെ മറ്റിനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്യുകയാണ്. ഇന്നത്തേയ്ക്ക് ഷെഡ്യൂൾ ചെയ്തിട്ടുള്ള ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷന്റെയും മറുപടികൾ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണ്.